## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1859

06.07.2015-ൽ മറുപടിയ്ക്ക്.

### ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി. വിൻസെന്റ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതിയിലെ കമ്മിറ്റി അംഗങ്ങൾക്കിടയിൽ സ്ഥാപിത താൽപര്യക്കാർ കടന്നുകൂടുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് സുരക്ഷാ സമിതി. സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ജനമൈത്രി സുരക്ഷാ പദ്ധതി കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ സഹായത്തോടെ അതത് സർക്കിൾ ഇൻസ്പെക്ടർമാർ അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കുകയും സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് സൂപ്രണ്ടിന് സമർപ്പിക്കുകയും അതുപ്രകാരം സമിതി രൂപീകരിക്കുകയുമാണ് ചെയ്യുന്നത്. ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ ഉൾപ്പെട്ടവർ, ഏതെങ്കിലും രാഷ്ട്രീയ, സാമുദായിക താൽപ്പര്യങ്ങളുടെ അമിത പ്രഭാവം പ്രകടിപ്പിക്കുന്നവർ തുടങ്ങിയ സ്ഥാപിത താൽപ്പര്യക്കാരെ സമിതിയിൽ ഉൾപ്പെടുത്താതിരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉയർന്ന പൗരബോധവും, സാമൂഹ്യ പ്രതിബദ്ധതയും, പൊതുസേവനത്തിന് നീക്കിവയ്ക്കാൻ കഴിയുന്ന സമയവുമുള്ള സാധാരണ നാട്ടുകാർക്ക് അവസരമൊരുക്കുന്ന രീതിയിലാണ് സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. |
| (ബി) അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങളുടെ ഏതുതരം ഇടപെടലാണ് ഈ പദ്ധതിയിൽ നിഷ്കർഷിക്കുന്നതെന്ന് വിശദമാക്കുമോ? | : (ബി) ജനമൈത്രി സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളൊന്നുമില്ലാത്തതും പോലീസിംഗ് സുഗമമായി നടപ്പാക്കാൻ മാത്രം ഉദ്ദേശിച്ചുള്ളതുമായ സമിതിയാണ് ജനമൈത്രി സമിതി. കഴിയുന്നതും അഭിപ്രായ സമന്വയത്തിലൂടെ കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയാണ് സമിതിയിലുള്ളത്. സുരക്ഷാ കാര്യങ്ങളിൽ പോലീസിന് വിവരങ്ങൾ കൈമാറുക എന്നതിനപ്പുറം പോലീസിംഗ് നിർവ്വഹിക്കുക സമിതി അംഗങ്ങളുടെ കർത്തവ്യമല്ല. ആയതുകൊണ്ടു തന്നെ അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങൾ യാതൊരു തരത്തിലുള്ള ഇടപെടലുകളും നടത്തുവാൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ